# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് – മഹത്മാ ഗാന്ധിയുടെ ജീവചരിത്രം - പഞ്ചായത്തുകളിലും പഞ്ചായത്തു ലൈബ്രറികളിലും പുസ്തകം വാങ്ങി സൂക്ഷിയ്ക്കുന്നതിന് അനുമതി നല്കി ഉത്തരവു പുറപ്പെടുവുയ്യുന്നു.

---

## തദ്ദേശ സ്വയം ഭരണ (ഇപിഎ )വകുപ്പ്

സഉ(സാധ) നം.1998/2013/തസ്വഭവ                    തീയതി, തിരുവനന്തപുരം 31/07/2013

---

പരാമർശം: (1) തൃശ്ശൂർ കറന്റ് ബുക്ക് മാനേജിംഗ് ഡയറക്ടറുടെ 16.12.2011 ലെ അപേക്ഷ
(2) പഞ്ചായത്ത് ഡയറക്ടറുടെ 12.12.2012 ലെ ജി3-1482/2012 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ശ്രീ.നാരായൺ ദേശായി ഗുജറാത്തിയിൽ നാലു വാല്ല്യങ്ങളിലായി രചിച്ച മഹാത്മാ ഗാന്ധിയുടെ 'എന്റെ ജീവിതം തന്നെ എന്റെ സന്ദേശം' എന്ന ജീവചരിത്ര ഗ്രന്ഥം തൃശ്ശൂരുള്ള കറന്റ് ബുക്ക് എന്ന പ്രസാധകർ I.സാധന, II. സത്യഗ്രഹം, III. സത്യപഥം, IV. സ്വാർപ്പണം എന്ന പേരിൽ നാലു വാല്ല്യങ്ങളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത ഗ്രന്ഥം ഗ്രാമപഞ്ചായത്തുകളിൽ ഒരു റഫറൻസ് ഗ്രന്ഥമായി **വാങ്ങി സൂക്ഷിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക്** അനുമതി നല്കണമെന്നും പരാമർശം ഒന്ന് പ്രകാരം അപേക്ഷി യ്ക്കുകയുണ്ടായി.

ശ്രീ. കെ. സഹദേവൻ മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്ത് തൃശ്ശൂർ കേന്ദ്രമായുള്ള കറന്റ് ബുക്ക് നാല് വാല്ല്യങ്ങളിലായി പ്രസിദ്ധീകരിച്ചിട്ടുള്ള മേൽ ഗ്രന്ഥം പഞ്ചായത്തു ഡയറക്ടർ സൂക്ഷ്മ പരിശോധന നടത്തുകയും കേരളത്തിലെ പഞ്ചായത്തുകൾ വാങ്ങി റഫറൻസ് ഗ്രന്ഥമായി സൂക്ഷിയ്ക്കുന്നതിന് അനുമതി **നൽകാവുന്നതാണെന്ന്** പരാമർശം രണ്ട് പ്രകാരം ശിപാർശ ചെയ്യുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിയ്ക്കുന്ന കറന്റ് ബുക്ക് എന്ന പ്രസാധകർ നാലു വാല്ല്യങ്ങളിലായി പ്രസിദ്ധീകരിച്ച 'എന്റെ ജീവിതം തന്നെ എന്റെ സന്ദേശം' എന്ന മഹത്മാഗാന്ധിയുടെ ജീവചരിത്ര ഗ്രന്ഥത്തിന്റെ മേൽ

മലയാള വിവർത്തനം പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ/ പഞ്ചായത്തു ലൈബ്രറികൾ ഒരു റഫറൻസ് ഗ്രന്ഥമായി വാങ്ങി സൂക്ഷിയ്ക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**സെൽവരാജൻ.എൽ**
**ഗവ.അണ്ടർ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കറന്റ് ബുക്സ്, തൃശ്ശൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ചെയർമാൻ, ബുക്ക് സെലക്ഷൻ കമ്മിറ്റി.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
കരുതൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ.ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി. എ.ക്ക്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).